വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) :

(എ) വനം കയ്യേറി ഏലത്തോട്ടം വച്ചുപിടിപ്പിക്കാൻ ശ്രമിച്ചതായി ശദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ടി വനം കയ്യേറ്റം ഒഴിപ്പിക്കുകയും അവരുടെ പേരിൽ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയ്യേറിയ പ്രദേശങ്ങൾ സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റുകൾ

1310 [1959] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് ഗവൺമെൻറിൽനിന്നും വാടകയ്ക്ക് കൊടുക്കാനായി ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകൾ പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വർഷം എവിടെയെങ്കിലും പണിയുന്നുണ്ടോ ;

(സി) ഇരിങ്ങാലക്കുടയിൽ അത്തരം ഒരു ഫ്ളാറ്റ് പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് ഗവൺമെൻറിൽ നിന്ന് വാടകയ്ക്ക് കൊടുക്കാനായി റൻറൽ ഹൗസിംഗ് സ്കീം (വാടക വീടു പദ്ധതി) അനുസരിച്ച് ഹൗസിംഗ് ബോർഡ് ഫ്ളാറ്റുകൾ പണിഞ്ഞു കൊണ്ടിരിക്കുന്നുണ്ട്.

(ബി) ഈ വർഷം പണി തുടങ്ങുന്നതിലേക്കായി പുതിയ പദ്ധതികളൊന്നുംതന്നെ ആസൂത്രണം ചെയ്തിട്ടില്ല.

(സി) ഗവൺമെൻറിന്റെ സാമ്പത്തികപരിമിതിനിമിത്തം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ഭവന നിർമ്മാണ വായ്പാ പദ്ധതി

1311 [1960] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതി തൃശ്ശൂർ ജില്ലയിലെ എല്ലാ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിലേക്കും കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly